**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 51** **11-06-2024 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്ത് റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുവാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മാണി. സി. കാപ്പൻ,<br>ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. പി. ജെ. ജോസഫ്,<br>ശ്രീ. അനൂപ് ജേക്കബ്** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി എന്തെല്ലാം കർമ്മപദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കിയിരിക്കുന്നതെന്ന് വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് പ്രകൃതിദത്ത റബ്ബർ അധിഷ്ഠിത വ്യവസായവൽക്കരണം പ്രോത്സാഹിപ്പിക്കുന്നതിനായി കേരള റബ്ബർ ലിമിറ്റഡ് (KRL) എന്ന പേരിൽ പുതിയ കമ്പനി കോട്ടയം ആസ്ഥാനമാക്കി പ്രവർത്തനം ആരംഭിച്ചു. കേരളത്തിലെ റബ്ബർ അധിഷ്ഠിത മൂല്യവർദ്ധനക്കുള്ള പ്രൊമോഷണൽ ഏജൻസിയായി പ്രവർത്തിക്കുക, സംസ്ഥാനത്തെ എല്ലാ പ്രകൃതിദത്ത റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾക്കും സേവനങ്ങൾ നൽകുന്ന ഒരു കുട സംഘടനയായും (Umbrella organisation) സംസ്ഥാന-ദേശീയ തലങ്ങളിൽ നിലവിലുള്ള റബ്ബർ വ്യവസായ പ്രോത്സാഹന ഏജൻസികളും സംരംഭകരും തമ്മിലുള്ള കണ്ണിയായി പ്രവർത്തിക്കുകയും ചെയ്യുക എന്നിവയാണ് കേരള റബ്ബർ ലിമിറ്റഡിന്റെ പ്രധാന ലക്ഷ്യങ്ങൾ.<br><br>2023-ൽ പ്രസിദ്ധീകരിച്ച സംസ്ഥാന പുതിയ വ്യവസായ നയത്തിൽ 22 മുൻഗണന നയങ്ങൾ പ്രഖ്യാപിച്ചതിൽ സംസ്ഥാനത്തെ നിക്ഷേപങ്ങൾ ആകർഷിക്കുന്നതിനുള്ള ഒരു പ്രധാന മേഖലയായി High Value Added റബ്ബർ ഉൾപ്പെടുത്തിയിട്ടുണ്ട്. വ്യവസായ നയത്തിൽ പറഞ്ഞിട്ടുള്ളതായ 18 ഇൻസെന്റീവുകൾ റബ്ബർ മേഖലയിൽ ഉള്ള നിക്ഷേപങ്ങൾക്ക് വകയിരിത്തിയിട്ടുണ്ട്. ഇത് റബ്ബർ മേഖലയിൽ നിന്നും കൂടുതൽ നിക്ഷേപങ്ങൾ കേരളത്തിലേക്ക് ആകർഷിക്കുവാൻ പര്യാപ്തമാകുമെന്ന് പ്രതീക്ഷിക്കുന്നു.<br><br>വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് നടപ്പിലാക്കി വരുന്ന "സംരംഭക സഹായ പദ്ധതി" "മാർജിൻമണി ഗ്രാന്റ് ടു നാനോ യൂണിറ്റ്സ്", "ഒരു കുടുംബം ഒരു സംരംഭം", നിലവിലുള്ള MSME യൂണിറ്റുകളിൽ സൂക്ഷ്മ |

| | | | |
|---|---|---|---|
| | | | സംരംഭങ്ങളിൽ നിന്ന് ചെറുകിട സംരംഭങ്ങളായും ചെറുകിട സംരംഭങ്ങളിൽ നിന്ന് ഇടത്തരം സംരംഭങ്ങളായും ഉയർത്തിക്കൊണ്ടുവരുന്നതിന് സഹായം നൽകുന്ന പദ്ധതി" എന്നിവയിൽ, റബ്ബർ അധിഷ്ഠിത വ്യവസായ യൂണിറ്റുകൾക്കും പദ്ധതി നിബന്ധനകൾക്കു വിധേയമായി ആനുകൂല്യങ്ങൾ നൽകി വരുന്നു. |
| (ബി) | കേന്ദ്രസർക്കാരിന്റെ തെറ്റായ നയവും പ്രതികൂലമായ കാലാവസ്ഥയും മൂലം സംസ്ഥാനത്തെ റബ്ബർ വ്യവസായം നേരിടുന്ന പ്രതിസന്ധി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | റബ്ബർ ഇറക്കുമതി വൻതോതിൽ വർദ്ധിപ്പിച്ചു കൊണ്ടുള്ള കേന്ദ്രസർക്കാരിന്റെ നയം മൂലമാണ് റബ്ബർ കർഷകർ പ്രതിസന്ധി നേരിടുന്നത്. ആയത് പരിഹരിക്കുന്നതിനായി റബ്ബർ മേഖലയിൽ ഇടപെട്ടുകൊണ്ട് റബ്ബറിന് താങ്ങുവില ഏർപ്പെടുത്തുകയും കിലോക്ക് 180 രൂപയായി വർധിപ്പിച്ചിട്ടുള്ളതുമാണ്. |
| (സി) | റബ്ബർ വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനും എന്തെല്ലാം പുതിയ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ? | (സി) | വ്യവസായ രംഗത്ത് കാലോചിതമായ മാറ്റങ്ങൾ കൊണ്ടു വരുന്നതിനും നിക്ഷേപകർക്ക് സംരംഭങ്ങൾ തുടങ്ങാൻ കൂടുതൽ മെച്ചപ്പെട്ട അന്തരീക്ഷം സൃഷ്ടിക്കുന്നതിന്റെയും ഭാഗമായി സംസ്ഥാനത്തിന്റെ ദൗർബല്യങ്ങൾ തിരിച്ചറിഞ്ഞു കൊണ്ടും, അതിന്റെ അന്തർലീനമായ നേട്ടങ്ങൾ പ്രയോജനപ്പെടുത്തുകയും ചെയ്യുന്ന ഒരു ബദൽ കാഴ്ചപ്പാട് ഉയർത്തിപ്പിടിച്ച് യാഥാർത്ഥ്യ ബോധത്തോടെ വ്യവസായ നയം, 2023 പുറപ്പെടുവിച്ചിട്ടുണ്ട്. 2023 ലെ കേരളാ വ്യവസായ നയത്തിൽ ഉൾപ്പെട്ടിട്ടുള്ള 22 മുൻഗണന മേഖലകളിൽ ഒന്നാണ് ഉയർന്ന മൂല്യ വർധിത റബ്ബർ ഉൽപ്പന്നങ്ങൾ ഉൾപ്പെടുന്ന മേഖല. റബ്ബർ ഉൽപ്പാദനത്തിൽ മുൻനിരയിലുള്ള സംസ്ഥാനമായ കേരളത്തിൽ റബ്ബർ ഉൽപ്പന്നങ്ങളുടെ വ്യാവസായികവും മറ്റുമായ പ്രയോഗങ്ങളും വർധിച്ചു വരുന്നതിനാൽ പ്രകൃതിദത്തവും മൂല്യ വർധിതവുമായ റബ്ബർ ഉൽപ്പന്നങ്ങളുടെ പ്രയോഗത്തിനു നല്ല ഭാവി ഉള്ളത് കൊണ്ട് വ്യവസായനയത്തിൽ അതിനെ അത്തരത്തിൽ പ്രോത്സാഹിപ്പിക്കുവാൻ വിവിധ കർമ്മ പരിപാടികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ